# നീര ബോർഡ് നിലനിൽക്കെ ടോഡി ബോർഡ് രൂപവത്കരിക്കുന്നു

● ബോർഡിന് ഓഹരി മൂലധനമായി കോടി രൂപ ബിവറേജസ് കോർപറേഷൻ നൽകും.

**സൂഫി വാണിമേൽ**

**കോഴിക്കോട്:** കാർഷികോൽപാദന കമീഷണർ ചെയർമാനായി നീര ബോർഡ് നിലനിൽക്കെ ടോഡി ബോർഡ് രൂപവത്കരിക്കാനുള്ള സർക്കാർ തീരുമാനത്തിൽ ദുരൂഹത.

കഴിഞ്ഞവർഷം മേയ് 13നാണ് നാളികേര-നീര ബോർഡ് രൂപവത്കരിച്ച് സർക്കാർ ഉത്തരവിറക്കിയത്. എന്നാൽ കഴിഞ്ഞ മേയ് 18ന് നീര ഉൽപാദനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഈമാസം 22ന് പുറപ്പെടുവിച്ച ഉത്തരവിൽ നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും എക്സൈസ് കമീഷണർ അംഗവുമായി ടോഡി ബോർഡ് രൂപവത്കരിക്കുമെന്ന് പറയുന്നു. ബോർഡിന് ഓഹരി മൂലധനമായി കോടി രൂപ ബിവറേജസ് കോർപറേഷൻ നൽകും.

നാളികേര വികസന ബോർഡിൻെറ നിരന്തര സമ്മർദഫലമായാണ് നീര ഉൽപാദനവുമായി ബന്ധപ്പെട്ട പ്രവർത്തനം സംസ്ഥാന സർക്കാർ ആരംഭിച്ചത്. കേരകർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുകയാണ് കേരബോർഡ് ലക്ഷ്യമെങ്കിലും സർക്കാറിന് മുന്നിൽ കള്ള് ചെത്ത് തൊഴിലാളികളായിരുന്നു.

നീര ഉൽപാദന സാധ്യത പഠിക്കാൻ എക്സൈസ് കമീഷണർ അനിൽ സേവ്യർ അധ്യക്ഷനായി നിയോഗിച്ച സമിതിയിൽ കള്ള് വ്യവസായ തൊഴിലാളി യൂനിയൻ നേതാക്കളായ എൻ. അഴകേശൻ (ഐ.എൻ.ടി.യു.സി), കെ.എം. സുധാകരൻ (സി.ഐ.ടി.യു), ടി.എൻ. രമേശൻ(എ.ഐ.ടി.യു.സി), എം.കെ. ഉണ്ണികൃഷ്ണൻ (ബി.എം.എസ്) കർഷക പ്രതിനിധിയായി ബാബുജോസഫ് പുതുപ്പറമ്പിൽ, വി.കെ. രാജ (കാർഷിക കോളജ്), ഡോ.മുരളീധരൻ (കേരവികസന ബോർഡ്) എന്നിവരാണുണ്ടായിരുന്നത്.

നീര ഉൽപാദനം അബ്കാരി നിയമത്തിൻെറ വരുതിയിലാക്കാൻ സമിതിയിലെ ട്രേഡ് യൂനിയൻ നേതൃമേധാവിത്തത്തിന് കഴിഞ്ഞിരുന്നു.

ഈമാസം 22ൻെറ ഉത്തരവനുസരിച്ച് നീര ടെക്നീഷ്യന്മാരെ തെരഞ്ഞെടുക്കുമ്പോൾ പരമ്പരാഗത കള്ള് ചെത്തുകാർക്ക് മുൻഗണന നൽകണം. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിന് 10000രൂപ വീതം സബ്സിഡി അനുവദിക്കും. പരിശീലനത്തിന് നാളികേര വികസന ബോർഡ് ഏകീകൃത കരിക്കുലം തയാറാക്കിയിട്ടുണ്ട്.

പരിശീലനത്തിന് കൃഷി വകുപ്പ് മുഖേന 12 കോടി വിനിയോഗിക്കും. ലഹരിമുക്ത പാനീയം എന്ന നിലയിലാണ് നീര സ്വീകാര്യമാവുന്നത്. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത 362 നാളികേര ഉൽപാദന സംഘങ്ങൾ ആഗ്രഹിക്കുന്നത് അബ്കാരി നിയന്ത്രണമില്ലാത്ത നീര ഉൽപാദനമാണ്.

1931ലെ അബ്കാരി നിയമം നീര ഉൽപാദനവുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം ഫെബ്രുവരി 14ന് ഭേദഗതി ചെയ്തിരുന്നു.

ഇതനുസരിച്ച് നീര ഉൽപാദനത്തിനും വിതരണത്തിനും അനുമതി നൽകിയ സ്ഥാപനങ്ങൾ ബിവറേജസ് കോർപറേഷൻ, നാളികേര ഉൽപാദക സംഘങ്ങൾ, നാളികേര വികസന ബോർഡ്, കാർഷിക സർവകലാശാല, നാളികേര വികസന കോർപറേഷൻ, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ എന്നിവയാണ്.

കേരഫെഡ് കൂടി ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബിവറേജസ് കോർപറേഷൻ ഉൾപ്പെടുത്തിയതിനെതിരെ ഉയർന്ന ആശങ്ക ബലപ്പെടുത്തുന്നതാണ് ടോഡി ബോർഡ് രൂപവത്കരിക്കാനുള്ള പുതിയ തീരുമാനം.